**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 247** **25-10-2021 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിൽ സാമൂഹ്യ അകലം നടപ്പിലാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ എ കെ എം അഷ്റഫ്** | | **Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് മാനദണ്ഡപ്രകാരമുള്ള സാമൂഹ്യ അകലം സ്കൂളുകളിൽ കുട്ടികളുടെ സീറ്റിംഗ് അറേഞ്ച്മെന്റിൽ കൂടുതൽ ഫലപ്രദമായി നടപ്പാക്കുന്നതിനായി എന്തെങ്കിലും മോണിറ്ററിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | കോവിഡ് മാനദണ്ഡപ്രകാരമുള്ള സാമൂഹ്യ അകലം സ്കൂളുകളിൽ പാലിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പ് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഒരു ക്ലാസ്സിനെ രണ്ടായി വിഭജിച്ച് ഒരു സമയം പരമാവധി ക്ലാസ്സിലുള്ള കുട്ടികളുടെ പകുതി കുട്ടികൾ ഹാജരാകുന്ന വിധത്തിൽ ഒരു ബഞ്ചിൽ 2 കുട്ടികളെ വീതമാണ് ക്രമീകരിച്ചിട്ടുള്ളത്. അധ്യാപകരും പ്രധാനാദ്ധ്യാപകരും ഈ കാര്യം ഉറപ്പ വരുത്തുന്നതാണ്. |
| (ബി) | പൊതുഗതാഗത സർവ്വീസിലെ സീറ്റിംഗ് സംവിധാനത്തിൽ സാമൂഹ്യ അകലം പാലിക്കുന്നതിൽ ഉണ്ടായതായി പറയപ്പെടുന്ന പ്രശ്നങ്ങൾ ക്ലാസ്സ് മുറികളിലും ഉണ്ടായാൽ അത് കുട്ടികളിൽ മഹാമാരി പകരുന്നതിന് കാരണമാകുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | പൊതുവിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ച മാർഗ്ഗരേഖ പ്രകാരം 1 മുതൽ 7 വരെ ക്ലാസ്സുകളിൽ പരമാവധി 2 കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ടാണ് സീറ്റിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. കൂടാതെ ശാരീരിക അകലം പാലിക്കാൻ ശുപാർശ ചെയ്യുന്ന ബയോബബിൾ സിസ്റ്റം ക്ലാസ്സ് അടിസ്ഥാനത്തിൽ ക്രമീകരിക്കുന്നത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ്, ആരോഗ്യവകുപ്പിന്റെ നിർദ്ദേശങ്ങളോടെ പുറത്തിറക്കിയ മാർഗ്ഗരേഖയിൽ വിശദമാക്കിയിട്ടുണ്ട്. |
| (സി) | ക്ലാസ്സ് മുറികളിൽ സാമൂഹ്യ അകലം ഫലപ്രദമായി നടപ്പാക്കുന്നതിനായി പഴുതടച്ച ക്രമീകരണങ്ങൾ ഏർപ്പെടുത്തുമോ; വ്യക്തമാക്കുമോ? | (സി) | സാമൂഹ്യ അകലം ഫലപ്രദമായി നടപ്പാക്കുന്നതിനായി ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഒരു ക്ലാസ്സിനെ രണ്ടായി വിഭജിച്ച് ഒരു സമയം പരമാവധി ക്ലാസ്സിലുള്ള കുട്ടികളുടെ പകുതി കുട്ടികൾ ഹാജരാകുന്ന വിധത്തിൽ ഒരു ബഞ്ചിൽ 2 കുട്ടികളെ വീതമാണ് ക്രമീകരിച്ചിട്ടുള്ളത്. സാമൂഹ്യ അകലം പാലിക്കുന്നതിലും മറ്റ് കോവിഡ് നിയന്ത്രണ മാർഗ്ഗങ്ങളെ സംബന്ധിച്ചും വിദ്യാർത്ഥികൾക്ക് അധ്യാപകരുടെ നേതൃത്വത്തിൽ ബോധ വത്ക്കരണം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ